# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1417

04.02.2019-ൽ മറുപടിക്ക്

## പങ്കാളിത്ത മത്സ്യപരിപാലന പദ്ധതികൾ

ചോദ്യം

ഉത്തരം

| | | | |
|---|---|---|---|
| | **ശ്രീ.കെ.വി.അബ്ദുൾ ഖാദർ**<br>**,, സി.കെ. ഹരീന്ദ്രൻ**<br>**,, വി. കെ. സി. മമ്മത് കോയ**<br>**,, എം. മുകേഷ്** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനായി പങ്കാളിത്ത മത്സ്യപരിപാലന പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ (ഭേദഗതി) ആക്റ്റ് പ്രകാരം സംസ്ഥാന, ജില്ല, വില്ലേജ് തലങ്ങളിൽ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടു ണ്ട്. മത്സ്യത്തൊഴിലാളികൾ കൂടി ഉൾപ്പെടുന്ന ടി കൗൺസിലുകൾ മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനായുള്ള വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. മത്സ്യസമ്പത്ത് സംരക്ഷിച്ച് ചൂഷണം ചെയ്യുന്ന കാര്യത്തിലും ശാസ്ത്രീയമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനും വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തെറ്റായ മത്സ്യ സംസ്ക്കരണ രീതികൾ ഒഴിവാക്കുന്നതിനും മത്സ്യ പ്രജനനകാലത്തെ മത്സ്യബന്ധന നിയന്ത്രണങ്ങൾ പാലിക്കുന്നതിനും മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും FMC കളിലൂടെ ലക്ഷ്യമിടുന്നു. മത്സ്യോല്പാദന വർദ്ധനവിനായി കടൽ കൂട്കൃഷി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിൽ കടൽ കൂട്കൃഷി പ്രോത്സാഹിപ്പി ക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ സർവ്വേ നടത്തി ക ണ്ടെത്തുകയും ഇത്തരത്തിൽ ക ണ്ടെത്തിയ സ്ഥലം കൂട്കൃഷി ചെയ്യുന്നതിനായി മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് അനുവദിച്ച് നൽകുകയും ചെയ്യും.<br><br>2016-17 കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ പുല്ലുവിള, തുമ്പ എന്നീ ഭാഗങ്ങളിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ സ്ഥാപിച്ചിരുന്നു. പുതുക്കുറിച്ചി, കൊച്ചുതുറ എന്നീ തീരക്കടൽ ഭാഗങ്ങളിൽ കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | ഉൾനാടൻ പൊതു ജലാശയങ്ങളിൽ മത്സ്യകൃഷി ചെയ്യുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് അനുമതി നൽകി മത്സ്യകൃഷി പ്രോത്സാഹിപ്പിക്കും. സുരക്ഷിതത്വ മേഖലയിലുൾപ്പെടുന്നത് ഒഴികെയുള്ള എല്ലാ പൊതുജലാശയങ്ങളെയും അവിടെയുള്ള മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവനോപാധി പ്രവർത്തനങ്ങളെ ബാധിക്കാതെ ജലകൃഷിയ്ക്കായി പ്രയോജനപ്പെടുത്തും. വലിയ/ഇടത്തര റിസർവോയറുകളിൽ മത്സ്യ ഉത്പാദന വർദ്ധനവിനായി പരിസര പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ, പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ എന്നിവ മുഖേന മത്സ്യത്തിന്റെ കൂടുകൃഷി വ്യാപിപ്പിക്കും. ഇതിനായി ഓരോ പൊതുജലാശയത്തിലും ഏർപ്പെടുത്താവുന്ന കൂടുകളുടെ എണ്ണം നിജപ്പെടുത്തുകയും ചെയ്യും. |
| (ബി) | സമുദ്ര മത്സ്യബന്ധന മേഖലയുടെ സംരക്ഷണത്തിനും സുസ്ഥിരമായ മത്സ്യബന്ധന രീതികൾ നടപ്പാക്കുന്നതിനും വിവിധ സംസ്ഥാനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | നവംബർ 10,11 തീയതികളിൽ എറണാകുളം CMFRI-ൽ വച്ച് നടന്ന ദക്ഷിണേന്ത്യൻ മന്ത്രിമാരുടെ യോഗത്തിൽ സമുദ്ര മത്സ്യബന്ധന മേഖലയുടെ സംരക്ഷണത്തിനും സുസ്ഥിരമായ മത്സ്യബന്ധന രീതികൾ നടപ്പാക്കുന്നതിനും സ്വീകരിക്കാവുന്ന നടപടികളെ കുറിച്ച് ചർച്ച ചെയ്യുകയു ണ്ടായി. CMFRIയുടെ ശുപാർശയനുസരിച്ച് കേരള സർക്കാർ നടപ്പാക്കിയ രീതിയിൽ എല്ലാ സംസ്ഥാനങ്ങളും പിടിച്ചെടുക്കാവുന്ന മത്സ്യങ്ങളുടെ നിയമപരമായ കുറഞ്ഞ വലിപ്പം നടപ്പിൽ വരുത്താൻ തീരുമാനിച്ചു. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിനും അവയെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കും വിധം . സജ്ജമാക്കാനും കേന്ദ്രത്തോട് ആവശ്യപ്പെടാൻ പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയു ണ്ടായി. നശീകരണ മത്സ്യബന്ധന രീതികളായ ബുൾട്രോളിംഗ്, പെയർട്രോളിംഗ്, വിഷപദാർത്ഥങ്ങൾ, രാസപദാർത്ഥങ്ങൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതികൾ നിരോധിക്കുന്നതിന് എല്ലാ സംസ്ഥാനങ്ങളും സമ്മതിച്ചിട്ടു ണ്ട്. മത്സ്യ ബന്ധനശേഷി കുറച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി 'CIFT' ശുപാർശ ചെയ്തിട്ടുള്ള പ്രധാന വലകളുടെ കൂടിയ വലിപ്പവും കുറഞ്ഞ കണ്ണി വലിപ്പവും എല്ലാ സംസ്ഥാനങ്ങളും നടപ്പിൽ വരുത്താൻ തീരുമാനിച്ചു. ട്രോൾ വലകളുടെ കോഡ് എൻഡിൽ ചതുരക്കണ്ണികൾ നിർബ്ബന്ധമാക്കു ന്നതിനുള്ള നടപടികൾ എല്ലാ സംസ്ഥാനങ്ങളും സ്വീകരിക്കുന്നതാണ്. മത്സ്യ വിഭവ സംരക്ഷണത്തിന് എല്ലാ സംസ്ഥാനങ്ങളും IUU മത്സ്യബന്ധനം നിരോധിക്കുന്നതിനും മേഖലാ നിയന്ത്രണങ്ങൾ നടപ്പിൽ വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതുമാണ്. |

| | | | |
|---|---|---|---|
| | | | സമുദ്രമാലിന്യം നിയന്ത്രിക്കുന്നതിനായി കേരള സർക്കാർ നടപ്പിലാക്കുന്ന ശുചിത്വ സാഗരത്തിന് സമാനമായ പദ്ധതികൾ മറ്റ് സംസ്ഥാനങ്ങൾ നടപ്പാക്കുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ കാര്യക്ഷമമാക്കുന്നതിന് മത്സ്യബന്ധന യാനങ്ങളിൽ സ്വയം പ്രവർത്തിത തിരിച്ചറിയൽ സംവിധാനവും യാനനിരീക്ഷണ സംവിധാനങ്ങളും നിർബന്ധമാക്കാൻ എല്ലാ സംസ്ഥാനങ്ങളും തീരുമാനിച്ചു. മത്സ്യ കൃഷിക്കായി ഉപയോഗിക്കുന്ന മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് മത്സ്യ ഹാച്ചറികൾക്ക് അംഗീകാരം നിർബന്ധമാക്കാൻ എല്ലാ സംസ്ഥാനങ്ങളും തീരുമാനിച്ചു. മത്സ്യ വിഭവ മാനേജ്മെന്റിനായി പങ്കാളിത്ത മാനേജ്മെന്റ് പ്രോത്സാഹിപ്പിക്കുന്നതിന് ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതിനും എല്ലാ സംസ്ഥാനങ്ങളും തീരുമാനിച്ചു. മത്സ്യവിഭവ സംരക്ഷണത്തിന് ട്രോൾബാൻ നൽകുന്ന സംഭാവനകൾ കണക്കിലെടുത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം സ്റ്റേറ്റ് ഗവൺമെന്റുകൾക്ക് ലഭ്യമാക്കുവാൻ കേന്ദ്രത്തോട് ആവശ്യപ്പെടാനും എല്ലാ സംസ്ഥാനങ്ങളും തീരുമാനിച്ചിട്ടുണ്ട് |
| (സി) | ആഗോള നിലവാരത്തിലുള്ള സുസ്ഥിര മത്സ്യബന്ധന രീതികൾ അവലംബിക്കുന്നതിനോടൊപ്പം പരമ്പരാഗതമായ അറിവുകളും ശാസ്ത്രീയ സംവിധാനങ്ങളും പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | പരമ്പരാഗതമായ അറിവുകളും ശാസ്ത്രീയ സംവിധാനങ്ങളും പ്രയോജനപ്പെടുത്താൻ പരിചയ സമ്പന്നരായ മത്സ്യത്തൊഴിലാളികൾ മറ്റ് കടലോരവാസികൾ, കർഷകർ, മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ സാമൂഹ്യ പ്രവർത്തകർ, ശാസ്ത്രജ്ഞർ എന്നിവരിൽ നിന്നും സമാഹരിച്ച പാരമ്പര്യ വിജ്ഞാനങ്ങൾ ഉൾപ്പെടുത്തി കടലറിവുകൾ എന്ന ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ